**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 835** **28-01-2026 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ ദേവസ്വം ക്ഷേത്ര ഗോപുരത്തിൽ സൂക്ഷിച്ചിരുന്ന മഞ്ചാടിക്കുരു ചാക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ ദേവസ്വം ക്ഷേത്ര ഗോപുരത്തിൽ സൂക്ഷിച്ചിരുന്ന 17 മഞ്ചാടിക്കുരു ചാക്കുകൾ കാണാതായത് സംബന്ധിച്ച അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ഗുരുവായൂർ ദേവസ്വം 17 ചാക്ക് മഞ്ചാടിക്കുരു ലേലം ചെയ്ത് നൽകിയെങ്കിലും ലേലം കൊണ്ടയാൾ തുക അടവാക്കുകയോ മഞ്ചാടിക്കുരു കൊണ്ടുപോകുകയോ ചെയ്തിട്ടില്ല. ഇത് ക്ഷേത്ര ഗോപുരത്തിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു. ഇതിൽ ഏതാനും ചാക്ക് മഞ്ചാടിക്കുരു മഴ നനഞ്ഞ് ദുർഗന്ധം വന്നതിനാലും ദീർഘകാലം സൂക്ഷിക്കാൻ സ്ഥല സൗകര്യം ഇല്ലാത്തതിനാലും ക്ഷേത്രം കിഴക്കേ നടയിലുള്ള ഹെൽത്ത് വിഭാഗത്തിന്റെ ഗോഡൗണിലേയ്ക്ക് ദേവസ്വത്തിന്റെ ട്രാക്ടറിൽ കയറ്റി കൊണ്ടു പോകുകയാണ് ചെയ്തിട്ടുള്ളത്. അല്ലാതെ മഞ്ചാടിക്കുരു കാണാതായിട്ടില്ല. ഇക്കാര്യം ക്ഷേത്രം അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ റിപ്പോർട്ട് ചെയ്യുകയും P1-9628/2019 എന്ന ഫയലിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് ഹെൽത്ത് സൂപ്പർവൈസറിൽ നിന്നും റിപ്പോർട്ട് തേടുകയും മേൽപ്രകാരം ലഭിച്ചവയിൽ മഴ നനഞ്ഞ് ദുർഗന്ധം വന്നത് ഒഴിവാക്കി ബാക്കിയുള്ളത് ഗോഡൗണിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (ബി) | 2016 മുതൽ രേഖകളിൽ കാണാത്തതും 15 ലക്ഷം രൂപയോളം മൂല്യം കണക്കാക്കിയതുമായ രണ്ട് വെങ്കല, പഞ്ചലോഹ വഴിപാട് പാത്രങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | 2016 മുതൽ രേഖകളിൽ കാണാത്തതും 15 ലക്ഷം രൂപയോളം മൂല്യം കണക്കാക്കിയതുമായ രണ്ട് വെങ്കല പഞ്ചലോഹ വഴിപാട് പാത്രങ്ങൾ കാണാതായെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഈ വസ്തുക്കൾ എങ്ങനെ അപ്രത്യക്ഷമായി എന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ? | (സി) | 2016 മുതൽ രേഖകളിൽ കാണാത്തതും 15 ലക്ഷം രൂപയോളം മൂല്യം കണക്കാക്കിയതുമായ രണ്ട് വെങ്കല പഞ്ചലോഹ വഴിപാട് പാത്രങ്ങൾ കാണാതായെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ